# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

**നം.പി.ആർ. 37 (a)/2026** **തിരുവനന്തപുരം, തീയതി: 19/02/2026**

## പത്രക്കുറിപ്പ്

## ഒമ്പതാമത് യോഗശാസ്ത്ര സംഗമം കന്യാകുമാരിയിൽ

കന്യാകുമാരി വിവേകാനന്ദ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സെന്റർ ഫോർ യോഗ ആന്റ് നേച്ചറോപതി, മഹാത്മാഗാന്ധി സർവ്വകലാശാല കോട്ടയം, കേരള സർവകലാശാലയിലെ വേദാന്ത പഠന കേന്ദ്രം, കേരള കേന്ദ്ര സർവകലാശാല കാസർഗോഡ്, ഹിമാചൽപ്രദേശ് കേന്ദ്ര സർവകലാശാല, യൂണിവേഴ്സിറ്റി ഓഫ് കാട്മണ്ടു നേപ്പാൾ, തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അന്തർദേശീയ-യോഗ ദർശന-സമ്മേളനം "യോഗശാസ്ത്രസംഗമം" കന്യാകുമാരിയിൽ നടക്കുകയാണ്. ഫെബ്രുവരി 27 മുതൽ മാർച്ച് ഒന്നു വരെ കന്യാകുമാരി വിവേകാനന്ദ കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്ന ഈ സമ്മേളനത്തിൽ യോഗസൂത്രങ്ങൾ* എന്നതാണ് മുഖ്യവിഷയം. യോഗശാസ്ത്രങ്ങളെ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുക. യോഗസൂത്രങ്ങളുടെ പ്രായോഗികത മനസ്സിലാക്കുക, യോഗ ദർശനത്തോട് ആഭിമുഖ്യം വളർത്തുക, യോഗശാസ്ത്രത്തോട് താല്പര്യമുള്ളവരെ യോഗസൂത്ര പഠനത്തിലേക്ക് നയിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടത്തപ്പെടുന്ന ഈ അന്താരാഷ്ട്ര യോഗ സമ്മേളനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യോഗാഭ്യാസകരും യോഗ പരിശീലകരും യോഗ ശാസ്ത്ര ജിജ്ഞാസുക്കളും ഗവേഷകരും പങ്കെടുക്കുന്നതാണ്. രജിസ്ട്രേഷൻ ഓൺലൈനിൽ താഴെക്കൊടുത്ത ലിങ്ക് വഴി മാത്രമായിരിക്കും. ഫെബ്രുവരി 20 ആണ് രജിസ്റ്റർ ചെയ്യുവാനുള്ള അവസാന തീയതി. ലിങ്ക് : https://Sangamam.vrmvk.yoga, ഫോൺ : 8921590424.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in